# സെന്റ് തോമസ്സ് എച്ച് എസ് എസ് തോമാപുരം

## ചിറ്റാരിക്കാൽ

# ഹൃദയവാഹിനി

## 2019-21

## ലിറ്റിൽ കൈറ്റ് യൂണിറ്റ്




# ഡിജിറ്റൽ മാഗസിൻ

# സെന്റ് തോമസ്സ് എച്ച് എസ് എസ് തോമാപുരം

## ചിറ്റാരിക്കാൽ

# ഹൃദയവാഹിനി

2019-21
ലിറ്റിൽ കൈറ്റ് യൂണിറ്റ്

## ഡിജിറ്റൽ മാഗസിൻ

# സാരഥികൾ

ചീഫ് എഡിറ്റർ

ശ്രീമതി തെരേസ സി വി

ഹെഡ്മിസ്ട്രസ്

സ്റ്റാഫ് എഡിറ്റർ

ലിസ്സ ജോസ്

കൈറ്റ് മിസ്ട്രസ്

സ്റ്റുഡന്റ് എഡിറ്റർ

ജോസഫ് ജയിംസ്

അഗംങ്ങൾ

അബിൻ സോജൻ
മെറിൻ തോമസ്സ്
അർജ്ജുൻ ദാസ്
റോസ് മേരി
**അഞ്ജു ടി ആർ**

# ആശംസ

**ലിറ്റിൽ കൈറ്റിലെ കുട്ടികൾ ഡിജിറ്റൽ മാഗസിൻ**
**പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട് .**
**ഡിജിറ്റൽ ലോകത്ത് ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ**
**കഴിവുകളെ പരിപോഷിപ്പിക്കുമെന്നതിൽ സംശയമില്ല**
**സർഗ്ഗവാസനകളെ വളർത്തുന്ന ഈ പ്രവർത്തനത്തിന്**
**എല്ലാവിധ ആശംസകളും നേരുന്നു**

ഹെഡ്മിസ്ട്രസ്സ്
**ശ്രീമതി തെരേസ സി വി**

# എന്റെ അമ്മ

അമ്മതൻ ചാരത്തണയാൻ കൊതിയോടെ കാത്തിരിപ്പൂ
സ്വാന്തനവാക്കതുകേൾക്കാൻ ഉള്ളം തുടിച്ചിടുന്നു
ഞാൻ കണ്ണീരിൽ മുങ്ങുന്ന നേരത്ത്
സാന്ത്വനമായ് അണയുന്ന സ്നേഹമല്ലേ

പിച്ചവച്ചോടിടുമ്പോൾ ഉള്ളിൽ
തീയോടെ ഓടിയെത്തും
എന്നിൽ അലിയുന്ന മഞ്ഞിൽ കുളിരേ
എന്നിലെ കണ്ണീരിനെ മുത്തായി
മാറ്റുന്ന പൊൻസൂര്യനാണെനമ്മ

ഞാൻ തിരിച്ചറിയാൻ വൈകിയൊരു സ്നേഹം
എന്നിൽ സ്നേഹത്തിൻ നിലാവ് ചൊരിയുന്ന
പൊൻതിങ്കളാണെനന്റെ അമ്മ
അമ്മതൻ ചാരത്തണയും നേരം
ആനന്ദക്കണ്ണുനീർ പൊഴിഞ്ഞിടുന്നു

മാതാപിതാ ഗുരു ദൈവം എന്നാലും
ആദ്യമായ് എത്തുന്നതെൻ
അമ്മയല്ലോ ആ സ്നേഹമല്ലോ........

അന്ന മരിയറ്റ് ജോസഫ്

# അമ്പിളിമാമാ

നക്ഷത്രങ്ങൾ  ചിരിക്കുന്ന
ആകാശം  കണ്ടോ?
തങ്കംപോലെ  തിളങ്ങുന്ന
അമ്പിളിയെക്കണ്ടോ?
കാർമേഘങ്ങൾ വരിവരിയായി
മാമനെ  മൂടുന്നു
മേഘം മാറിപ്പോയിടുമ്പോൾ
അമ്പിളി  തെളിയുന്നു
കുന്നിൻ മുകളിൽ നിൽക്കാതെ
താഴേക്കു വരന്നോ നീ
താഴെ ഞങ്ങൾ കുഞ്ഞുങ്ങൾ
നിന്നെ കാത്തു നിൽക്കാമോ?
അമ്പിളിമാമാ ഞങ്ങടെയരികെ
എന്നും വന്നു നിൽക്കാമോ?

അനഘ ഷൈജു

## കേരളീയം

ഉയരുകയാണെന്റ കേരളീയ സ്വർഗമേ
നീയുയരുകയാണെന്റ സ്വർഗമാം നേ
ത്രങ്ങളിൽ ഇവിടെ യങ്ങോ...........

കുഞ്ചൻ തൻ എഴുത്തോലകളിൽ
കുറിപ്പതെന്ത മലയാള മനോഹരി
തത്തിൽ നവ്യമാം മധുരഭാഷ.......

നാളുകൾ മൊട്ടിട്ടു വിരിയിച്ച പുഷ്
പങ്ങളേ നാളുനാൾ ഓടിയത്തുമീ
ചിത്ര ശാലഭങ്ങളേ.............

പ്രകൃതിതൻ ഉണർത്തു പാട്ടി
ന്റെ നാഥസ്വരത്തിലായ് ലയിക്കുമി
പുൽതോപ്പിൽ വർണ്ണങ്ങളിവിടെ
ഇവിടെ പറക്കുന്ന ശലഭമായ്.........
കവിതചൊല്ലി പഠിപ്പതെങ്ങോ
കവിയായ് വിരിഞ്ഞ കേരളീയ
കവികളേ............................
കലകൾക്കു ചിലങ്കയായ് മണികെ
ട്ടിയാടിയ തെങ്ങോലകൾക്കു തൻ

മർമ്മരത്തിലെ വിടെയോ മലയാ

ളമാം മനോഹരിതത്തിൽ
മധുര ഭാഷ നകരുന്ന നണയു
ന്ന കേരളീയമേ നിൻ നേത്രങ്ങളിൽ......

ആയിരം ചിത്രങ്ങൾക്ക ചായമി
ട്ടു മഴതൻ മണിചെപ്പുകൾ
അടരുന്ന മായുന്ന
മങ്ങുന്നവാ വേളയിൽ വേന
ലായ് ഞാൻ പൊഴിയുന്ന പെ
യുന്ന കേരളീയമേ നീയാം ഓല
കുടയിലെങ്ങോ..............

കൊയ്ത്ത് മെതിഞ്ഞു പാഠം
വരമ്പുകൾക്ക കൊയ്ത്ത് താളം
പൊടിപ്പതാ നാടൻ പഴമൊ
ഴികൾ താളമിട്ടു പാടിയ ഞാ
റ്റു പാട്ടാൽ ഉണരുന്ന കേരള
മേ നീ ഗാന സുന്ദരിയായ്
പ്രകൃതിതൻ യാമയിൽ......
തീരുകയില്ല അന്ത്യമില്ല തൻ
എൻ എഴുത്താണികളുടെ കഥ
കൾക്ക കേരളീയമേ എന്നൊ
**രു പേർ നൽകി തുടിപ്പത്......**

# ഒരു അപൂർവമായ യാത്ര

ഒരു ആശുപത്രി സമയം രാത്രിയായി കഴിഞ്ഞിരുന്നു
ആദി ടെൻഷനടിച്ചിരിക്കുകയാണ് . സമയം നീങ്ങികോണ്ടി
രിക്കുന്ന അൽപ്പസമയത്തിന് ശേഷം പ്ര maga സവ മുറിയിൽ
നിന്നുംഒരു നവജാതശിശുവിന്റെ കരച്ചിൽ ഉയർന്നു.ആദി
കസേരയിൽ നിന്ന് എഴുന്നേറ്റു തന്റെ കുഞ്ഞിനെ കാണാൻ
കാത്തിരിക്കുകയാണ് ആദി.പെട്ടെന്ന് സിസറ്റുടെ കൈയിൽ
തന്റെ കുഞ്ഞുണ്ടായിരുന്നു കുഞ്ഞിന്റെ മുഖം ആദി നോക്കി നല്ല
ചുണകുട്ടിയായ
ആൺകുട്ടിയാണ് ആദി കാണുന്നത്. ആദി ചോദിച്ചു "സിസറ്റർ
വിമലക്കെങ്ങനെയുണ്ട്"? ആ ചോദ്യത്തിൽ അൽപ്പം
ദയവുണ്ടായിരുന്നു. "കുഴപ്പമൊന്നുമില്ല. അവൾ
സന്തോഷത്തോടെയിരിക്കുന്നു"സിസറ്റർ മറുപടി നൽകി.
കിഞ്ഞിനെ കണ്ട് കൊതിതീരും മുമ്പേ സിസറ്റർ
കുഞ്ഞിനെയുമേന്തി വിമലയുടെ അടുത്തേക്കുപോയി വിമല തന്റെ
കുഞ്ഞിനെ കണ്ടപ്പോൾ അവളുടെ മുഖത്ത് ചെറിയ
പുഞ്ചിരിയുണ്ടായിരുന്നു.കുറച്ച് ദിവസങ്ങൾക്ക് ശേഷം അവർ
ഡിസ്ചാർജായി വിട്ടീലെത്തിയപ്പോൾ എല്ലാവരും ചോദിച്ചത്
കുഞ്ഞിന്റെ പേരായിരുന്നു അവർ പറഞ്ഞു 'മഹേഷ് '

വർഷങ്ങൾ കടന്നു പോയി. ഒരോ പരീക്ഷക്കും
ക്ലാസ്സിൽ അവൻ തന്നെയായിരുന്നു മുന്നിൽ. അവന്റെ ഒരോ
ജന്മദിനവും അവർ ഒരു ഉത്സവം പോലെയായിരുന്നു. മഹേഷിന്റെ

പഠനം പൂർത്തിയായി. ഇന്ന് അവൻ ഒരു ജോലിക്കുവേണ്ടി ഇന്റർവ്യൂവിന് പോയിരിക്കുകയാണ്. ഒരു
ഐ. ടി കമ്പനിയിൽ എം. ഡി ക്കുള്ള ഇന്റർവ്യൂനാണ് അവൻ പോകുന്നത്. കേരളത്തിൽ നിന്നും കേരളത്തിനു പുറമെ നിന്നും പങ്കെടുക്കുന്ന കുറേ ആളുകൾ ഉള്ളതിനാൽ മഹേഷിന് ടെൻഷനുണ്ടായിരുന്നു. ആദിയും വിമലയും ഫോൺ ബെല്ലടിക്കുന്നത് നോക്കിയിരിക്കുകയാണ്. പെട്ടെന്നാണ് ഫോണിൽ ഒരു കോൾ വന്നു. അവരുടെ കാത്തിരിപ്പ് വ്യർഥമായില്ല അത് തങ്ങളുടെ പൊന്നോമന പുത്രൻ തന്നെയായിരുന്നു. അവൻ ആകാംക്ഷയോടെ ചോദിച്ചു 'മോനെ ജോലി കിട്ടിയോ'? അവൻ അതിസന്തോഷത്തോടെ പറഞ്ഞു 'അമ്മാ എനിക്ക് ജോലി കിട്ടി'.അവരുടെ മുഖത്തും സന്തോഷം അല്ലതല്ലി തന്റെ മകൻ തിരിച്ചു വരുന്നത് നോക്കി നിൽക്കുകയായിരുന്നു അവർ. മഹേഷ് വീട്ടിൽ വന്നു. അവൻ പ്രതീക്ഷച്ച പോലെ ഒന്നുമുണ്ടായില്ല. തന്നെയും കാത്ത് അവർ വീട്ടിന് പുറത്ത് നിൽക്കുമെന്നാണ് അവൻ ധരിച്ചിരുന്നത്. സമയം രാത്രിയായി കഴിഞ്ഞിരുന്നു. വീട്ടിൽ ആര്രുമില്ലാത്ത മട്ടിലായിരുന്നു. അവൻ അകത്തേക്ക് കാൽ എടുത്തു വച്ചതേയുള്ളു ബലൂൺ പൊട്ടുന്ന ശബ്ദം അവൻ ഞെട്ടി ലൈറ്റെല്ലാം വന്നു. ഒരു ഉത്ഥവം ഉള്ളതു പൊലെയായിരുന്നു വീട് അലങ്കരിച്ചിട്ടുണ്ടായിരുന്നത്. അവൻ ഓടി ആദിയെയും വിമലയെയും കെട്ടി പിടിച്ചു. അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ അടർന്ന് വീണു

ദിവസങ്ങൾ കഴിഞ്ഞു. ഐ. ടി കമ്പനിയിലാണ് ജോലി. ജോലി കിട്ടിയതോടെ അവൻ

ബാക്കിയെല്ലാം വിസ് മരിക്കാൻ തുടങ്ങി. ജോലി ചെയ്യുന്നതിനിടയിൽ അച്ഛനോ അമ്മയോ വിളിച്ചാൽ അവൻ ഫോൺ എടുക്കാറില്ല. അവന്റെ തലയിൽ ജോലി ഭാരം കൂടി. അവന്റെ കാര്യക്ഷമതയും സൗന്ദര്യവും കണ്ട് അവിടെ ജോലി ചെയ്യുന്ന ആവണിക്ക് അവനെ ഇഷ്ട്മായി. അവൾ തന്റെ ഇഷ്ടം തുറന്നു പറഞ്ഞു. പിന്നീട് അവർ തമ്മിൽ പ്രണയത്തിലായി. മഹേഷിനോടുള്ള ആവണിയുടെ പ്രണയം അറിഞ്ഞ ആദിയും വിമലയും അവളുടെ വീട്ടിലേക്ക് കല്യാണ ആലോചനയുമായി പോയി. അധികം വൈകാതെ തന്നെ അവർ തമ്മിലുള്ള കല്യാണം കഴിഞ്ഞു. ആദ്യം ആവണിക്ക് ആ വീടിനോട് ഇഷ്ട്മില്ലായിരുന്നു. പിന്നീട് അതുമായി പൊരുത്തപെട്ടു.

പിന്നീട് അവൾ മഹേഷിന്റെ അച്ഛനോടും അമ്മടോടും ഇഷ്ടമില്ലാതായി. പ്രായമായതിനാൽ അവർക്ക് അസുഖങ്ങൾ വന്നു. അവരെ ശ്രദ്ധിക്കാൻ അവൾക്ക് മടിയായി. ആവണി മഹേഷിനോട് അവരെ വൃദ്ധസദനത്തിലേക്ക് കൊണ്ടുപോകാൻ പറഞ്ഞു. ഇത് കേട്ട ആദിയും വിമലയും അവരോട് ഒരു വാക്കു പോലും പറയാതെ ആ വീട്ടിൽ നിന്ന് അനാഥമക്കപ്പെടുന്ന ജീവിതങ്ങൾ താമസിക്കുന്ന വൃദ്ധസദനത്തിലേക്ക് ഇറങ്ങിപോയി.

അനില രവി

# ഉണ്ണിക്കുട്ടനും ചോണനുറുമ്പും

മഴ പെയ്തു തോർന്നപ്പോൾ ഉണ്ണിക്കുട്ടൻ വീട്ടുമുറ്റത്തെ മഴവെള്ളത്തിൽ കടലാസുതോണി ഒഴുക്കി
കളിക്കാൻ തുടങ്ങി. ഉണ്ണിക്കുട്ടൻ നോക്കുമ്പോൾ കുറെ ചോണനുറുമ്പുകൾ ചെറിയ പഞ്ചസാരയു
മായി മുറ്റത്തിന് ഇപ്പുറം നിൽക്കുകയായിരുന്നു ഉണ്ണിക്കുട്ടൻ കടലാസുതോണി ഒഴുക്കുന്നത് കണ്ട
പ്പോൾ ചോണനുറുമ്പുകൾ ചോദിച്ചു

"ഉണ്ണിക്കുട്ടാ, ചങ്ങാതീ,
മഴപെയ്തപ്പോൾ നാമൊരു കൂട്ടർ
ഇക്കരയായിപ്പോയല്ലോ!
അക്കരയുണ്ടേ നമ്മുടെ കൂട്ടർ
തോണിയിലവിടെ എത്തിക്കാമോ?"

ചോണനുറുമ്പുകളുടെ ആവശ്യം കേട്ടപ്പോൾ ഉണ്ണിക്കുട്ടനും രസമായി. ഉണ്ണിക്കുട്ടൻ പറഞ്ഞു, "ചോണനുറുമ്പുകൾ നിങ്ങളെയെല്ലാം തോണിയിൽ മറുകര എത്തിക്കാം വരിനരിയായി കയറൂ നിങ്ങൾ തോണിയിതാ പോകുന്നേ....." ചോണനുറുമ്പുകൾക്ക് ഉണ്ണിക്കുട്ടൻ പറഞ്ഞതു കേട്ടപ്പോൾ സന്തോഷമായി. അവർ നരിവരിയായി ഉണ്ണിക്കുട്ടന്റെ തോളിയിൽകയറി. മഴ പെയ്തപ്പോൾ കൂട്ടം തെറ്റിപ്പോയികൂട്ടംകാരായ ഉറുമ്പുകൾ മറുകയായിരുന്നു.

"ചോണനുറുമ്പുകൾ പോകുന്നേ
തോണിയിലേറി പോകുന്നേ
അക്കരയുണ്ടേ കൂട്ടുകാരവർ
വെക്കം പോകുന്നവിടേക്ക് !"

ചോണനുറുമ്പുകൾ ഉണ്ണിക്കുട്ടന്റെ കടലാസു തോണിയിൽ പാട്ടു പാടി അക്കരെയെത്തി. അപ്പോൾ അവിടെ കാത്തുനിന്ന കൂട്ടുകാരായ ചോണനുറുമ്പുകൾ ആർപ്പു വിളിച്ചു. ചോണനുറുമ്പുകൾ ഉണ്ണിക്കുട്ടന് നന്ദി പറഞ്ഞു.

മടവൂർ രാധാകൃഷ്ണൻ

# വാടക മുടക്കിയാൽ

വലിയ പണക്കാരനാണ് ഇട്ടൂപ്പ്. സ്വന്തമായി മൂന്ന വീടുണ്ട് അയാൾക്ക് . ഇത് കേട്ടറിഞ്ഞ് ഒരു ദിവസം ഇട്ടൂപ്പിന്റെ വീട്ടിൽ വിരുതനായ ഒരു ചിത്രകാരനെത്തി. “ചേട്ടാ, എന്റെ പേര് ബട്ടൂസ്. നലിയ ചിത്രകാരനാ . ചേട്ടന്റെ ഒരു വീട് എനിക്ക് വാടയ്ക്ക് തരാമോ?” അയാൾ ചോദിച്ചു.'ചിത്രകാരനല്ലേ, ഒരു ചിത്രം വിറ്റാൽ തന്നെ നല്ല വാടകയും വാങ്ങാം, ' ഇട്ടൂപ്പ് കരുതി . അങ്ങനെ ഇട്ടൂപ്പിന്റെ ഒരു വീട്ടിൽ ബട്ടൂസ് വാടകയ്ക്ക് താമസം തുടങ്ങി . ഒരുമാസം കഴിഞ്ഞു.വാടക വാങ്ങാനായി ഇട്ടൂപ്പ് എത്തി. ബട്ടൂസിന്റെ കയ്യിൽ പണമൊന്നും ഇല്ലായിരുന്ന . പെട്ടന്നാണ് വിരുതൻ ബട്ടൂസിന് ഒരു ബുദ്ധിതോന്നിയത് .

അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു : “വാടകയൊക്കെ പതുക്കെ തന്നാൽ പോരേ ചേട്ടാ? കുറേക്കാലം കഴിഞ്ഞ് ഞാൻ മരിക്കുമ്പോൾ ചേട്ടന്റെ വീടുനോക്കി നാട്ടുകാർ പറയും, ബട്ടൂസ് എന്ന മഹാനായ ചിത്രകാരൻ താമസിച്ചിരുന്നത് ദേ, ആ വീട്ടിൽ ആയിരുന്നെന്ന് .” ഇതുകേട്ട് ഇട്ടൂപ്പിന് കലി വ
ന്നു . “വാടക ഇപ്പൊത്തന്നെ തന്നില്ലെങ്കൽ നാട്ടുകാരെക്കൊണ്ട് നാളെത്തന്നെ ഞാനത് പറയിക്കും.

ആൻമരിയ

# അമ്മ പഠിപ്പിച്ച കഥ

അന്ന് മനു വളരെ സങ്കടതോടെയാണ് സ്കൂളിൽ നിന്ന് വന്നത്. വന്നപാടെഅവൻ കരയാൻ തുടങ്ങി. അമ്മ അവനോട് കാര്യം തിരക്കി അവൻ സങ്കടതോടെ പറഞ്ഞു തുടങ്ങി ഇന്ന് ടീച്ചർ എല്ലാവരോടും അവരവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ പറഞ്ഞു അപ്പോൾ മനോജ് പാട്ട് പാടി അതുകെട്ടപ്പോൾ എല്ലാവരും കൈയടിച്ചു അത് കണ്ടപ്പോൾ എനിക്ക് സങ്കടം തോന്നി ഞാനും പോയി പാട്ട് പാടി അത് കണണ്ടപ്പോൾ എനിക്ക് കരച്ചിൽ വന്നു. ഇത് കേട്ട് അമ്മ പറഞ്ഞു സാരമില്ല മോനെ അമ്മ ഒരു കഥപറയാം അത് കേൾക്കുമ്പോൾ മോന്റെ സങ്കടം മാറും ഇതും പറഞ്ഞ് അമ്മ കഥ പറയാൻ തുടങ്ങി.പണ്ട് ഒരു കാട്ടിൽ ഒരു കിളി സങ്കടത്തോടെ
ഇരിക്കുകയായിരുന്നു ഒരു മരത്തിൽ അതിലെ വന്ന കാക്കാച്ചി കാര്യം തിരക്കിയപ്പോൾ കിളി കാര്യം പറഞ്ഞു അവൾക്ക് കുയിലിനെ പോലെ പാട്ട് പാടാൻ മനോഹരമായി അറിയില്ല കുയിൽ പാടുന്നത് കേൾക്കുമ്പോ ൾ കിളിക്ക് സങ്കടമാകും കിളി ഒരുനാൾ കുയിലിന്റെ അടുത്ത് പാട്ട് പഠിക്കാൻ പോയി പക്ഷേ കുയിലിന് സമയമില്ലായിരുന്നു ഇത് എല്ലാം കെട്ട് കാക്കാച്ചി പറഞ്ഞു നീ സങ്കടപെടാതെ ദൈവം ഒരോരുത്തരേയും ഒരോ കാരണതലാണ് സൃഷ്ടിച്ചിരിക്കുന്നത് അതുകൊണ്ട് ഉള്ള കഴിവ് നന്നായി ഉപയോഗിക്ക്കിളി സമതിച്ചു ഇത് എല്ലാം കെട്ടിട്ട് മനു പറഞ്ഞു ശരി അമ്മേ ഞാൻ നല്ലകുട്ടിയായി വളരാം

അനീറ്റ ഷൈജു

# രാജകുമാരിയുടെ ഉടുപ്പ്

പണ്ടുപണ്ട് ഒരു രാജ്യത്ത് കൈറ്റ് എന്ന രാജാവിന് സുന്ദരിയായ ഒരു മകളുണ്ടായിരുന്നു. പേര് ജിനി. രാജകുമാരിയുടെ പിറന്നാളിന് എല്ലാവരും കൊട്ടാരത്തിലെത്തി സമ്മാനം നൽകി. രാജാവും ഒരു സമ്മാനം നൽകി. എന്തായിരുന്നെന്നോ? ചുവപ്പ് നിറമുള്ള ഒരു ഉടുപ്പ്. രാജകുമാരിക്ക് സന്തോഷമായി. അവൾ വേഗം അതിട്ടു നോക്കി. പിന്നെ മട്ടുപ്പാവിലെ അഴയിൽ തൂക്കിയിട്ടു. പെട്ടെന്ന് വലിയൊരു കാറ്റ് വീശി.ചുവപ്പ് ഉടുപ്പ് ദൂരേയ്ക്ക് പറന്നു പോയി. രാജകുമാരി കുറേദൂരം പിന്നാലെ പോയി. ഉടുപ്പ് കണ്ടെത്താനായില്ല.

കുറച്ച് ദിവസം കഴിഞ്ഞതും ഒരു കുട്ടി ചുവപ്പ് ഉടുപ്പും ഇട്ട് കൊട്ടാരത്തിന് മിന്നിലൂടെ നടന്നു. 'ഏയ് ഇത് എന്റെ ഉടുപ്പ് ആണ്' രാജകുമാരി പറഞ്ഞു.'ഹും ഇത് ഞാൻ തുന്നിയതാണ്. ഇതിലും നല്ല ഉടുപ്പ് തുന്നാൻ പറ്റുമോ? എങ്കിൽ ഇതു ഞാൻ തിരിച്ചുതരാം. ആ കുട്ടി പറഞ്ഞു.രാജകുമാരി ഉടനെ തുന്നാനുള്ള സൂചിയും നൂലുമായി വന്നു. അപ്പോൾ ഒരു പൂമ്പാറ്റയും അവിടെ എത്തി. പൂമ്പാറ്റയുടെ ചിറകുകൾ നോക്കി രാജകുമാരി ഉടുപ്പ് തുന്നുവാൻ തുടങ്ങി. കുറച്ചുകഴിഞ്ഞതും രാജകുമാരി ഉടുപ്പ് തുന്നിയെടുത്തു.

വിവരമറിഞ്ഞ് രാജാവ് അവിടെയെത്തി. "ഹായ് എന്തു ഭംഗി രാജാവ് അദ്ഭുതത്തോടെ പറഞ്ഞു.ചുവപ്പ് ഉടുപ്പ് ഇട്ടുവന്ന കുട്ടിക്ക് താൻ തുന്നിയ ഉടുപ്പ് കൊടുത്തു. ആ കുട്ടി ചുവപ്പ് ഉടുപ്പ് രാജകുമാരിക്കും കൊടുത്തു. രാജകുമാരി ആ കുട്ടിയെ സന്തോഷത്തോടെ യാത്രയാക്കി. തന്റെ ഉടുപ്പ് തിരിച്ചു കിട്ടിയതോടെ രാജകുമാരിയുടെയും വിഷമം മാറി.